# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1044

30.11.2018-ലെ മറുപടി

### കീരംപാറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കീരംപാറ കുടിവെള്ള പദ്ധതിയ്ക്ക് എസ്.എൽ.എസ്.എസ്.സി സ്കീമിൽ ഉൾപ്പെടുത്തി 13 കോടി രൂപ അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം മണ്ഡലത്തിലെ കീരംപാറ കുടിവെള്ള പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 14 കോടി രൂപയുടെ അംഗീകാരം 21.11.2012-ൽ നടന്ന പതിനെട്ടാമത് എസ്.എൽ.എസ്.എസ്.സി യിൽ ലഭിച്ചിരുന്നു. |
| (ബി) | ഇതിൽ കിണർ കുഴിക്കുന്നതിനു വേണ്ട ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് ഒപ്പിട്ടെങ്കിലും പദ്ധതി തുടങ്ങുവാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എസ്.എൽ.എസ്.എസ്.സി. സ്കീം നിർത്തലാക്കിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സർക്കാരിന്റെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി തുടർന്നു കൊണ്ടുപോകുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര വിഹിതത്തിലുണ്ടായ കുറവും 25%-ൽ താഴെ നിർവഹണ പുരോഗതി കൈവരിച്ച പദ്ധതികൾ സംസ്ഥാന വിഹിതം ഉപയോഗിച്ച് പൂർത്തീകരിക്കണമെന്ന കേന്ദ്ര നിർദേശവും കാരണം പ്രസ്തുത പദ്ധതിയുടെ നിർവഹണം നിർത്തി വക്കേണ്ടിവന്നു. നിലവിൽ അനുയോജ്യമായ ഏതെങ്കിലും ശീർഷകത്തിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി പദ്ധതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ